# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി.5/1661/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം.പി.5/1661/2023 തീയ്യതി: 09/11/2023

## കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ (ഹ.ഗ്രേ)

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജിഷ കിരൺ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ബീമ എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബിനോയ് പി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.എൽദോ മാർക്കോസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മാജ ഓ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.സിമിലിയ എസ് നായർ | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ ജയശ്രീ കെ എൻ | മെഡിക്കൽഓഫീസർ(സി എച്ച് സി) | 01-04-2022 | 31-07-2022 |
| ഡോ.വർഗ്ഗീസ് ചാക്കോ ചള്ളക്കുഴിക്കൽ | മെഡിക്കൽഓഫീസർ(സി എച്ച് സി) | 01-08-2022 | 27-10-2022 |
| ഡോ.ബെറ്റ്സി ജേക്കബ് | മെഡിക്കൽഓഫീസർ(സി എച്ച് സി) | 28-10-2022 | 31-03-2023 |
| ഡോ സുജ എം ചാക്കോ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അനുപ ജി | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി ബ്രിജിത്ത് സി കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ.മഹേഷ് ബാലചന്ദ്രൻ | വി.ഇ.ഒ ( കറുകച്ചാൽ , സർക്കിൾ ) | 01-04-2022 | 31-03-2023 |
| ശ്രീ.മഹേഷ് ബാലചന്ദ്രൻ | വി.ഇ.ഒ ( ചമ്പക്കര സർക്കിൾ ) | 01-04-2022 | 11-09-2022 |
| ശ്രീമതി അഞ്ജു രാജ് കെ എം | വി.ഇ.ഒ ( ചമ്പക്കര സർക്കിൾ ) | 12-09-2022 | 15-12-2022 |
| ശ്രീ അഭിലാഷ് ബി നായർ | വി.ഇ.ഒ ( ചമ്പക്കര സർക്കിൾ ) | 16-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ ടോണി വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.കണ്ണൻ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 09-01-2023 |
| ശ്രീമതി ബ്ലെസ്സി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 10-01-2023 | 13-03-2023 |
| ശ്രീമതി പ്രീയാമോൾ വി എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 14-03-2023 | 31-03-2023 |
| ശ്രീമതി സിന്ധു പി ജി | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി മഞ്ജു പി പി | ഐ സിഡി എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |

ഐ സിഡി എസ് സൂപ്പർവൈസർ തസ്തിക 06/01/2023 മുതൽ 16/01/2023 വരെ ഒഴിവ്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു. | 1-1-3 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക ,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-5 |
| 7 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | Prior Period-വിശദാംശം ലഭ്യമല്ല | 1-1-7 |
| 9 | സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ളോക്ക് വിഹിതം -ബാലൻസ് തെറ്റായി കണക്കാക്കി | 1-1-8 |
| 10 | ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല | 1-1-9 |
| 11 | റേഷ്യോസ്, നോട്ട് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ഗ്രാന്റ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 23 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-12 |
| 24 | വസ്തുനികുതി ഈടാക്കിയതിൽ അപാകത | 1-13 |
| 25 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-14 |

| | | |
|---|---|---|
| 26 | ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്ക് നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-15 |
| 27 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-16 |
| 28 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1-17 |
| 29 | വാടക വരുമാനം - കുടിശ്ശിക തുക ഈടാക്കിയില്ല | 1-18 |
| 30 | FACTEOS ലൈസൻസ് - ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി | 1-19 |
| 31 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തില്ല. | 1-20 |
| 32 | ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് - തെറ്റായ തുകകൾ ഉൾപ്പെട്ടിരിക്കുന്നു. | 1-21 |
| 33 | ഐ സി ഡി എസ് സെൻട്രൽ ഷെയർ - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-22 |
| 34 | തനത് വരുമാന സ്രോതസ്സുകൾ-അധിക വിഭവ സമാഹരണം | 1-23 |
| 35 | നെത്തല്ലൂർ തോട് പുറമ്പോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടില്ല. | 1-24 |
| 36 | വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയതിന്റെ പ്രയോജനം നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-25 |
| 37 | തെരുവുവിളക്ക് മെയിന്റനൻസ് ആവശ്യമായ സാധനങ്ങൾ വാങ്ങൽ -ജി.എസ്.ടി ഈടാക്കിയിട്ടില്ല | 1-26 |
| 38 | നിക്ഷേപപ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-27 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-28 |
| 40 | ഗവ.ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 1-29 |
| 41 | വീട് വാസയോഗ്യമാക്കൽ- പണി പൂർത്തീകരിച്ചില്ല | 1-30 |
| 42 | 10,242/- രൂപയുടെ ക്രെഡിറ്റ് വിശദാംശങ്ങൾ ലഭ്യമായില്ല | 1-31 |
| 43 | ലാപ് ടോപ് വാങ്ങൽ -ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-32 |
| 44 | ആശ്രയ വിഹിതം-പൂർത്തീകരണ വിവരം ഇല്ല. | 1-33 |
| 45 | ഇ-ടെണ്ടർഫാറവില തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ല | 1-34 |
| 46 | ജലജീവൻമിഷൻ പദ്ധതി -നടപടി പുരോഗതി ലഭ്യമാക്കേണ്ടതാണ് | 1-35 |
| 47 | ലൈഫ് പദ്ധതി വായ്പ ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നു | 1-36 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കറുകച്ചാൽ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.7.23 തീയതിയിലെ 1-ാം നം.തീരുമാനം പ്രകാരം അംഗീകരിച്ച് 15/7/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ

സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-2 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(Opening Balanace Receipt Payament-OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-3 ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു.

ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | കോ ഓപ്പറേറ്റീവ് ബാങ്ക് | -785 |
| 2 | എൽജിടിഎസ്ബി.അക്കൗണ്ട് (799013000000524) | -419400 |

എൽ ജി ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് നെഗറ്റീവാകാൻ കാരണം സർക്കാർ റിഡംപ്ഷൻ തുക കുറവ് ചെയ്തതിനാലാണ്. കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നെഗറ്റിവ് ആയത് സോഫ്റ്റ് വെയർ അപാകത മൂലവുമാണ്.

1-1-4 ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക ,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് നീക്കിയിരിപ്പ് എസിആർ പ്രകാരം 1850710 രൂപയാണ്. എന്നാൽ ബി 4 ഷെഡ്യൂൾ, ബാങ്ക് അക്കൗണ്ട് എന്നിവ പ്രകാരം 1892097 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

1-1-6 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-1-7 Prior Period-വിശദാംശം ലഭ്യമല്ല

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. I-19 ഷെഡ്യൂൾ പ്രകാരം Prior Period Income ആയി അക്കൗണ്ട് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-8 സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ളോക്ക് വിഹിതം -ബാലൻസ് തെറ്റായി കണക്കാക്കി

ബി 4 ഷെഡ്യൂൾ 320700204 ശീർഷകത്തിൽ സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ളോക്ക് വിഹിതം ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ള 1102075 രൂപ നിലവിൽ ട്രഷറി അക്കൗണ്ടിലില്ല. ആയത് തെറ്റായി അക്കൗണ്ട് ചെയ്തതാണ്

1-1-9 ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല

ബി 4 ഷെഡ്യൂൾ 320300199 ശീർഷകത്തിൽ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ള 590000 രൂപയുടെ കൃത്യത വ്യക്തമല്ല

1-1-10 റേഷ്യോസ്, നോട്ട് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റേഷ്യോസ്, നോട്ട് ഓൺ അക്കൗണ്ട് എന്നിവ സമർപ്പിച്ചിട്ടില്ല.

1-1-11 ഗ്രാന്റ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ICDS ഗ്രാന്റ് തുക നീക്കിയിരിപ്പ് AFS പ്രകാരം 1342983 രൂപയും ACR പ്രകാരം 13154993 രൂപയും ബാങ്ക് അക്കൗണ്ട് പ്രകാരം 1471918 രൂപയുമാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 20.03.2023 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 5645444 | 5662426 |
| വരവ് | 360393000 | 347418000 |
| ആകെ | 366038444 | 353080426 |
| ചെലവ് | 364222000 | 344322500 |
| നീക്കിയിരിപ്പ് | 1816444 | 8757926 |

തൻവർഷത്തേയ്ക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 34.74 കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 11.11 കോടി രൂപ മാത്രമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവ് 34.43 കോടി രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ ചെലവ് 10.96 കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിപുലമായ തയ്യാറെടുപ്പുകളോടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിന് സമാഹരണത്തിനുമുള്ള ശാസ്ത്രീയമായ ഒരു ഉപകരണം (Tool) എന്ന രീതിയിൽ ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനുമാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ

എന്നീ പത്രികകളിലെ വരവ് ചെലവ് കണക്കുകളുടെ വിശദാംശവും വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു

രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 23552005 |
| ഓഡിറ്റ് വർഷത്തെ വരവ് | 43471086 |
| ആകെ | 67023091 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 34684733 |
| നീക്കിയിരിപ്പ് | 32338358 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 111152883 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 109612778 |
| പ്രവർത്തന മിച്ചം (Gross Surplus) | 1540105 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 225095 |
| അറ്റ പ്രവർത്തന മിച്ചം(Net Surplus) | 1765200 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ്ജ് ചെയ്യാവുന്നത്) (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ്ജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3087719 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21117690 | 21117690 | 18758155 | 2359535 | 88 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6949000 | 6949000 | 6257266 | 691734 | 90 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13556000 | 13556000 | 1141791 | 12414209 | 8.4 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 3007534 | 1562466 | 66 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 1703445 | 2553928 | 4257373 | 2406663 | 1850710 | 57 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 1392100 | 3996762 | 5388862 | 1558854 | 3830008 | 29 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 866626 | 898791 | 1765417 | 410424 | 1354993 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1371230 | 0 | 1371230 | 405375 | 965855 | |
| ഹെൽത്ത് ഗ്രാന്റ് ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 407826 | 407826 | 358728 | 49098 | |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റേഴ്സ് | 0 | 253992 | 253992 | 250897 | 3095 | |

1) വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2311028/-രൂപ, 539410/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

2) 2021-22 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% ശേഖരിക്കാത്തതിനാൽ വികസന ഫണ്ട് ആകെ അലോട്ട്മെന്റിന്റെ (21331000) 1% ആയ 213310/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്.

3)ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് നീക്കിയിരിപ്പ് മാന്വൽ എസിആർ പ്രകാരം 1850710 രൂപയാണ്. എന്നാൽ ബി 4 ഷെഡ്യൂൾ, ബാങ്ക് അക്കൗണ്ട് എന്നിവ പ്രകാരം 1892097 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ പലിശയിനത്തിലുള്ള 175766 രൂപ വരവായി അക്കൗണ്ട് ചെയ്തിട്ടില്ല.

4)ഐ സി ഡി എസ് ഗ്രാന്റ് തുക നീക്കിയിരിപ്പ് വാർഷികധനകാര്യപത്രിക പ്രകാരം 1342983 രൂപയും, എസിആർ പ്രകാരം 1354993 രൂപയും, ബാങ്ക് അക്കൗണ്ട് പ്രകാരം 1471918 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. CFC ടൈഡ് ഫണ്ടിന്റെ നീക്കിയിരിപ്പ് 3472176 രൂപയാണ്. ട്രഷറിയിൽ ക്രഡിറ്റായ 357832 രൂപ വിനിയോഗിക്കാത്തതിനാൽ ലാപ്സായി.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16.9.2023) മറുപടി ലഭ്യമാക്കിയില്ല. മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23)ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭ | 21.5.22 മുതൽ 27.5.22 വരെ |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 13.5.22 |

| | |
|---|---|
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 14.9.22 മുതൽ 16.9.22വരെ |
| വികസന സെമിനാർ | 13.6.22 |
| ഊരുകൂട്ടയോഗം | 31.1.22 |
| ഭിന്നശേഷി ഗ്രാമസഭ | 27.5.22,23.1.23 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 2.9.22, 16.1.23, 23.2.23, 4.3.23, 24.3.23 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 1211200 | 973700 | 80.39 |
| വെറ്ററിനറി സർജൻ | 11 | 11 | 6295750 | 3338000 | 53 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 9 | 8 | 1660220 | 1236491 | 74.47 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 36000 | 20000 | 55.5 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 13 | 27291231 | 14530966 | 53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 5578250 | 3908069 | 70 |
| സെക്രട്ടറി | 48 | 35 | 16914019 | 11692217 | 69 |
| ഹെഡ്മാസ്റ്റർ | 1 | 1 | 50000 | 49648 | 99 |
| അസി.എഞ്ചിനീയർ | 83 | 20 | 33028711 | 6577201 | 19.9 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 3750000 | 1580389 | 42 |
| അസി.സെക്രട്ടറി | 10 | 10 | 3086200 | 2928467 | 94.88 |
| ആകെ | 199 | 119 | 99351581 | 47285148 | 47.5 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 99351581 രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 47285148 രൂപയാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 47.5% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 83 പ്രോജക്ടുകളിൽ 20 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസി.എഞ്ചിനീയർക്ക് 19.9% തുക മാത്രമാണ് ചെലവഴിക്കാനായത്. മെയിന്റനൻസ്ഗ്രാന്റ്(റോഡ്)വിഭാഗത്തിൽ നിന്നും തൻവർഷം ചെലവഴിക്കാനാവാതെ 1,24,14,209 രൂപയാണ് നഷ്ടപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ മെയിന്റനൻസിനായി വിനിയോഗിക്കേണ്ടിയിരുന്ന 1കോടി 24ലക്ഷം രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്

ഭരണസമിതിയുടെയും, എഞ്ചിനീയറിംഗ് വിംഗിന്റെയും ഭാഗത്തുനിന്നുണ്ടായ അലംഭാവമാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല -1 കോടി 74ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

അസി.എഞ്ചിനീയർക്ക് പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 83 പ്രോജക്ടുകളിൽ 20 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 1കോടി 74 ലക്ഷം രൂപയുടെ പദ്ധതിതുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 2359535 |
| എസ് സിപി | 691734 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 12414209 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 1562466 |
| സിഎഫ് സി ഗ്രാന്റ് ടൈഡ് | 384994 |
| ആകെ | 1,74,12938 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരകാലയളവിൽ കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-2023 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച 80 പ്രോജക്ടുകളിൽ, 34 എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 37668 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 528 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, ആട്ടിൻ കൂട്, പന്നിക്കൂട്, തൊഴുത്ത് നിർമ്മാണം, തടയണ നിർമ്മാണം, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-2023 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 12,396 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 1,36,73,233 | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 7,11,860 | |
| | തനത് ഫണ്ടിൽ നിന്നും മുൻകൂർ ലഭിച്ചത് | 10,40,555 | |

| | | | |
|---|---|---|---|
| ആകെ വരവ് | | | 1,54,38,044 |
| ചെലവ് | വിദഗ്ധ തൊഴിലാളികളുടെ വേതനം | 3,94,916 | |
| | അവിദഗ്ധ തൊഴിലാളികളുടെ വേതനം, സാധന വില | 1,32,78,317 | |
| | ഭരണ ചെലവുകൾ | 10,40,555 | |
| | ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയത് | 7,07,610 | |
| ആകെ ചെലവ് | | | 1,54,21,398 |
| നീക്കിയിരിപ്പ് | | | 16,646 |

വാർഷിക ധനകാര്യ പത്രിക RP-30 / 320100128 പ്രകാരം, അഡ്മിനിസ്ട്രേഷൻ ഇനത്തിൽ 7,09,499/-രൂപയാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ടി തുകയിൽ, ബാങ്ക് പലിശയിനത്തിലുള്ള 1,889/-രൂപ കൂടി ഉൾപ്പെട്ടിരിക്കുന്നു. ആയതിനാൽ, MGNREGA ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 8 |
| വാർദ്ധക്യകാല പെൻഷൻ | 23865600 | 2192 |
| കർഷക തൊഴിലാളി പെൻഷൻ | 2276200 | 201 |
| വിധവ പെൻഷൻ | 8321400 | 779 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 291200 | 30 |
| വികലാംഗ പെൻഷൻ | 2434000 | 226 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/09/2023-ന് 03.00 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 50470/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ

നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/07/2022 | 03/22 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/08/2017-28/08/2017 | 2012-13 മുതൽ 2016-17 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/8A-2623/17-18/85-86 തീയതി 19/06/2017 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കുള്ള ഫീസ് തുകകളും, നികതി-നികുതിയേതര വരവിനത്തിലുള്ള തുകകളും ഓൺലൈനായി ഒടുക്കുന്നത് പഞ്ചായത്തിന്റെ 67392329304 നം. (എസ്.ബി.ഐ. കറുകച്ചാൽ ശാഖ) അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടുകളിൽ വരവ് രസീത് ചെയ്ത ശേഷം 2-3 മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 127433/- രൂപ ലഭിക്കാനുണ്ട്. തുടർമാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ നിന്നും ടി തുക 3 മാസം കഴിഞ്ഞിട്ടും ലഭിക്കാത്ത അവസ്ഥയുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/15.09.2023) ലഭ്യമാക്കിയ മറുപടിയിൽ 03/2023 ൽ ലഭിക്കാൻ അവശേഷിച്ചിരുന്ന തുക 4/2023 മുതൽ 7/2023 വരെയുള്ള മാസങ്ങളിൽ ക്രെഡിറ്റ് ആയതായി അറിയിച്ചു. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി 2/06/2023 ലെ 1(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 17-06-23-ലെഎസ്.സി3-55/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്(പത്രമാധ്യമത്തിൽ ഉൾപ്പടെ). നികുതി പരിഷ്കരണ

നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 200 ച.മീ ന്റെ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് 70 രൂപയായിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരം 100 ച.മീ മുതൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് 60 രൂപയാണ് . ആയതു പ്രകാരം 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നതായി കാണുന്നു. വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇപ്രകാരം പഴയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക്/ അതേ നിരക്ക് നിശ്ചയിക്കുന്നതു വഴി മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി വർദ്ധനവ് സാധ്യമാകുമോ എന്നതിൽ അവ്യക്തതയുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/16.9.23) നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 70 രൂപയിൽ നിന്നും 5% വർദ്ധനവ് വരുത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നല്കി. അപാതകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഈടാക്കിയതിൽ അപാകത

പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 01.04.2013 മുതൽ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 35 രൂപയും 100 ച.മീറ്ററിന് മുകളിൽ 50 രൂപ നിരക്കിലും വസ്തുനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിൽ നികുതി ഈടാക്കുന്നതിനു പകരം35 രൂപ നിരക്കിൽ നികുതി ഈടാക്കിയതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | പ്രതിവർഷം നഷ്ടം |
|---|---|---|---|---|
| 1 | 5/514 | കെ.ടി. തോമസ്, കളപ്പുറത്ത് വയലിൽ | 114 | 114*15-1710 |
| 2 | 5/471സി | നെവിൻ അലക്സ് പോൾ | 105 | 105*15-1575 |
| 3 | 5/471ഡി | നെവിൻ അലക്സ് പോൾ | 105 | 105*15-1575 |
| 4 | 5/338 | ചങ്ങനാശ്ശേരി താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | 121 | 121*15-1815 |
| 5 | 5/249 | ജോണി മാത്യു, പുത്തൻപുരയ്ക്കൽ | 188 | 188*15-2820 |
| 6 | 5/351 | വി.എസ്.പ്രദീപ് കുമാർ,എസ്.പ്രശാന്ത് | 183 | 183*15-2745 |
| 7 | 5/523എ, | എംഎസ്.ജോസഫ് ,ലൂസി ജോസഫ്,കഴിമണ്ണിൽ | 172 | |
| | 5/523ബി | | 157.87 | |
| | 5/523 | | 250 | |

| | | | |
|---|---|---|---|
| ഇ | | | |
| 5/523 എഫ് | | 125 | |
| 5/523 ജി | | 125 | |
| 5/523എച്ച് | | 125 | |
| ആകെ | | 954.87 | 954.87*15-14323 |

ക്രമ നം.7 ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് മേഖല, റോഡ് സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത രീതിയിൽ നികുതി അസ്സസ് ചെയ്തതായി കാണുന്നു.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20/18.9.23) നികുതി വർദ്ധനവ് വരുത്തുന്നതാണെന്ന് മറുപടി നല്കി. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അവയുടെ ഉപയോഗക്രമവും വിസ്തീർണ്ണവും അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-14 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

സ.ഉ(അ)നമ്പർ 17/2011/തസ്വഭവ/14.01.2011 ന്റെ അടിസ്ഥാനത്തിൽ കറുകച്ചാൽ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 01.04.2013 മുതൽ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 35 രൂപയും 100 ച.മീറ്ററിന് മുകളിൽ 50ഉം 200ച.മീ. താഴെയുള്ള സൂപ്പർമാർക്കറ്റുകൾക്ക് 40ഉം 200ച.മീ.ന്റ മുകളിലുള്ള സൂപ്പർമാർക്കറ്റുകൾക്ക് 70 രൂപ നിരക്കിലും വസ്തുനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളെ 100 ച.മീ കുറവു വരുന്ന മുറികളായി തിരിച്ച് നമ്പറുകൾ നല്കുകയും 100 ച.മീ കുറവു വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായ 35 രൂപ/ച മീ നിരക്കിൽ നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അപാകത മൂലം പഞ്ചായത്തിന് പ്രതിവർഷം നികുതിയിനത്തിൽ നഷ്ടം വരുന്നുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | കണക്കാക്കിയ നിരക്ക് ച.മീ | കണക്കാക്കേണ്ടത് ച.മീ | നികുതി പ്രാബല്യ തീയതി | അടിസ്ഥാന നികുതിയിൽ പ്രതിവർഷം കുറവ് |
|---|---|---|---|---|---|---|---|
| 1 | 5/167 മുതൽ 176 വരെ | എം.സി.വിജയൻ, ആനക്കല്ലുങ്കൽ | 359 | 35 | 50 | | 359*15-5385 |
| 2 | 5/237- 241 | ബാബു ജോർജ്ജ്, സാബു ജോർജ്ജ് | 158 | 35 | 50 | | 158*15-2370 |
| 3 | 5/242-248 | ഡോ.ബോബി അലക്സ്, ജോർജ്ജ് | 238.75 | 35 | 50 | 12.2.2019 | 238.75*15-3581 |
| 4 | 5/314-331 | ജനറൽ സെക്രട്ടറി 501-ാം നം.എൻ.എസ്.എസ് | 332.5 | 35 | 50 | | 4988 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കരയോഗം | | | | | |
| 5 | 5/600-606 | ട്രസ്റ്റി,സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫെറോന ചർച്ച്, നെടുംകുന്നം | 119 | 35 | 50 | | 119*15-1785 |
| 6 | 5/608ABC ,608-623 | ട്രസ്റ്റി,സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫെറോന ചർച്ച്, നെടുംകുന്നം | 520 | 35 | 50 | | 520*15-7800 |
| 7 | 5/686-696 | ഓമനക്കുട്ടൻ, കൃഷ്ണകൃപ | 616 | 35 | 50 | 10.10.22 | 616*15-9240 |

ക്രമ നം.7-ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് മേഖല, റോഡ് സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത രീതിയിൽ നികുതി അസസ് ചെയ്തതായി കാണുന്നു.

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/18.9.23) നികുതി വർദ്ധനവ് വരുത്തുന്ന താണെന്ന് മറുപടി നല്കി.
മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അവയുടെ ഉപയോഗക്രമവും വിസ്തീർണ്ണവും അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്ക് നികുതി വർദ്ധനവ് കണക്കാക്കിയില്ല

ചുവടെ ചേർക്കുന്ന ഷോപ്പിംഗ് കോംപ്ളക്സിന്റെ നികുതി നിർണ്ണയിച്ചപ്പോൾ മേൽത്തരം തറനിർമ്മിതിക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% നികുതി വർദ്ധനവ് കണക്കാക്കിയില്ല എന്ന് കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. സഞ്ചയ ഡേറ്റാബേസ്, നികുതി നിർണ്ണയ ഫയൽ എന്നിവ പ്രകാരം മേൽത്തരം തറനിർമ്മിതിയുള്ള ഷോപ്പിങ്ങ് കോംപ്ലെക്സിന്റെ അടിസ്ഥാന വസ്തുനികുതി നിർണ്ണയ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. (എണ്ണം) | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) (Plint Area) | അടിസ്ഥാന നികുതി (70/- രൂപ ) | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|---|
| 1 | 5/105 E മുതൽ N വരെ (10 എണ്ണം) | കുര്യാക്കോസ് സിറിയക്ക് ,ഏഴിക്കാട്ട് | 507.3 | 35511/- | 5327/- |

വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയിൻമേൽ വർദ്ധനവ് കണക്കാക്കാതെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/18.9.23) നികുതി വർദ്ധനവ് വരുത്തുന്നതാണെന്ന് മറുപടി നല്കി. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ പരിശോധിച്ച് അവയുടെ വിസ്തീർണ്ണവും തറനിർമ്മിതിയും

അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

കറുകച്ചാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 ടെണ്ടർ രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ബാബു കുരുവിള |
| 2. | അജി ജോസഫ് |
| 3. | പ്രീത് മാത്യു |
| 4. | ജേക്കബ് കുരുവിള |
| 5. | സന്തോഷ്കുമാർ എസ് |
| 6. | പി ജെ ജോസഫ് |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/19.09.2023) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2022-23 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വിവിധ അക്ഷയ കേന്ദ്രങ്ങൾ/ ജനസേവന കേന്ദ്രങ്ങൾ | 1, 2 |
| 2 | ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | 1,2 |
| 3 | എൻ എസ് എസ് എൽ പി സ്കൂൾ കറുകച്ചാൽ | 1,2 |
| 4 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ കറുകച്ചാൽ | 1, 2 |
| 5 | ജിതേന്ദ്ര ഫ്യൂവൽ, കറുകച്ചാൽ | 1, 2 |
| 6 | എൻ എസ് എസ് എസ്റ്റേറ്റ് | 1, 2 |

| | | |
|---|---|---|
| | കറുകച്ചാൽ | |
| 7 | ട്രിനിറ്റി മോട്ടോർസ് കറുകച്ചാൽ | 1, 2 |
| 8 | ചമ്പക്കര സർവ്വീസ് സഹകരണ ബാങ്ക് പ്രഭാത സായാഹ്ന ശാഖ കറുകച്ചാൽ | 1, 2 |
| 9 | കേരള വാട്ടർ അതോറിട്ടി കറുകച്ചാൽ | 1, 2 |
| 10 | ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി നെത്തല്ലൂർ | 1,2 |
| 11 | റബർ മാർക്കറ്റിംഗ് സൊസൈറ്റി കറുകച്ചാൽ | 1,2 |
| 12 | വിവിധ അധാരം എഴുത്ത് ഓഫീസുകൾ | 1, 2 |

കൂടാതെ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ കറുകച്ചാൽ |
| 2 | പടവത്ത് ഫിനാൻസസ് കറുകച്ചാൽ |
| 3 | എൽ പി ഫിനാൻസസ് കറുകച്ചാൽ |
| 4 | ജെ എം ജെ ഫിനാൻസസ് കറുകച്ചാൽ |
| 5. | വഞ്ചിനാട് ഫിനാൻസസ് കറുകച്ചാൽ |
| 6. | കടന്തോട് ഫിനാൻസസ് കറുകച്ചാൽ |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/14.09.23) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചു. തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 വാടക വരുമാനം - കുടിശ്ശിക തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ആസ്തികളിന്മേൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വാടക തുകയിൽ കുടിശ്ശിക നിലനിൽക്കുന്നതായി പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കത്തകക്കാരന്റെ പേര്, വിലാസം | കടമുറി നം. | പ്രതിമാസ വാടക തുക | കുടിശ്ശിക കാലയളവ് | ചരക്ക് സേവന നികുതി, പിഴപ്പലിശ എന്നിവ കണക്കാക്കാതെയുള്ള അടിസ്ഥാന വാടക കുടിശ്ശിക തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1) | പി. കെ. ഗോപി, പാലയ്ക്കൽ, ഉമ്പിടി | ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 5 | 3247/- | 03/2023 | 3247 |
| 2) | പി. ജെ. ബൈജു, പടിപ്പുരയ്ക്കൽ, കുത്രപ്പള്ളി | കുത്രപ്പള്ളി വെയ്റ്റിംഗ് ഷെഡ് | 6300/- | 03/2023 | 6300 |
| 3) | മുഹമ്മദ് ഹാഷിം, പുതുപ്പറമ്പിൽ, കങ്ങഴ | മാർക്കറ്റ് റൂം നം. 7 | 3900/- | 04/2022-1950 05/2022– 03/2023-@3900 | 44850 |
| 4) | മുഹമ്മദ് ഹാഷിം, പുതുപ്പറമ്പിൽ, കങ്ങഴ | മാർക്കറ്റ് റൂം നം. 8 | 3738/- | 04/2022 – 03/2023 | 44856 |
| 5) | നസീർ. പി. എൻ, വെള്ളാപ്പള്ളിൽ, ഇടിയിരിക്കപ്പുഴ | മാർക്കറ്റ് റൂം നം. 9 | 5612/- | 04/2022 – 03/2023 | 67344 |
| 6) | വാസുരാമൻ, കുന്നംപുറത്ത്, കുത്രപ്പള്ളി | മാർക്കറ്റ് റൂം നം. 20 | 1884/- | 12/2022 – 03/2023 | 7536 |
| 7) | രാമാനുജൻ. ആർ, പൊയ്കയിൽ, ചമ്പക്കര | മാർക്കറ്റ് റൂം നം. 22 | 1824/- | 04/2022 – 03/2023 | 21888 |
| 8) | സബ് രജിസ്ട്രാർ ഓഫിസ്, കറുകച്ചാൽ | | 1387/- | 04/2022 – 03/2023 | 16644 |
| 9) | അസിസ്റ്റന്റ് എൻജിനീയർ ഓഫിസ്, PWD [Roads], കറുകച്ചാൽ | | 694/- | 04/2022 – 03/2023 | 8328 |
| 10) | അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫിസറുടെ കാര്യാലയം, കറുകച്ചാൽ | | 2071/- | 04/2022 – 03/2023 | 24852 |
| 11) | സബ് ട്രഷറി | | 2294/- | 04/2022 – | 27528 |

| | | | | | |
|---|---|---|---|---|---|
| | ഓഫിസ്, കറുകച്ചാൽ | | | 03/2023 | |
| | ആകെ | | | | 2,73,373/- |

വാടക തുക സമയബന്ധിതമായി ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/16.09.2023), അസിസ്റ്റന്റ് എൻജിനീയർ ഓഫിസ്, PWD [Roads], കറുകച്ചാൽ നിന്നും 07/2021 മുതൽ 11/2021 വരെയുള്ള കാലയളവിലെ വാടക കുടിശ്ശിക തുകയായ 4782/- രൂപ (GST & PI ഉൾപ്പെടെ) 11.08.2023 തീയതിയിൽ ലഭ്യമായിട്ടുണ്ടെന്നും, ശേഷിക്കുന്ന കുടിശ്ശിക തുക ബന്ധപ്പെട്ട കുത്തകക്കാർക്ക് നോട്ടിസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ കുടിശ്ശികയുണ്ടാകാതെ സമയബന്ധിതമായി വാടക തുക ഈടാക്കുന്നതിൽ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതും, വാടക കുടിശ്ശികയിനയിത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട തുക പൂർണ്ണമായും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-19 FACTEOS ലൈസൻസ് - ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി

കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് റൂൾസ് - 1996, റൂൾ 17, 18, 19/[പട്ടിക – III] പ്രകാരം, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ, മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . ഓഡിറ്റ് വർഷം, ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട മെറ്റൽ ക്രഷർ യൂണിറ്റിന് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട്, ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ വ്യവസായം [വാർഡ്/ കെട്ടിട നം.] | ഉടമസ്ഥന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള മെഷിനറിയുടെ വിശദാംശം | ഈടാക്കാവുന്ന പരമാവധി മോട്ടോർ ഫീ | ഈടാക്കിയ മോട്ടോർ ഫീ/ രസീത് നം. | ഈടാക്കാവുന്ന പരമാവധി മോട്ടോർ ഫീയിലുള്ള കുറവ് |
|---|---|---|---|---|---|---|
| 1) | ജെ. ജെ ഗ്രാനൈറ്റ്സ് നെടുങ്ങാടപ്പള്ളി [IX/235- മെറ്റൽ ക്രഷർ യൂണിറ്റ്] | റോസലിൻ ആന്റണി തട്ടാരപ്പള്ളി ചങ്ങനാശ്ശേരി | 55 Hp | 1000/- | 500/- [1220102101/ 25.08.2022] | 500/- |
| | | | | | ആകെ | 500/- |

ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/16.09.2023), 18.09.2023 -ലെ 123010206363 / G051006 നം. രസീത് പ്രകാരം, 500/- രൂപ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കി, രസീതിന്റെ പകർപ്പ് ഉൾപ്പെടെ വിവരം ഓഡിറ്റ് വേളയിൽ അറിയിച്ചിട്ടുണ്ട്.

### 1-20 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തില്ല.

പഞ്ചായത്ത് ഭരണസമിതിയുടെ 06/09/2022 ലെ 5/1 തീരുമാനപ്രകാരം (കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13 യിലെ നിർദ്ദേശം പരിഗണിച്ച തീരുമാനം)

ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക സ്വീകരിക്കുന്നതിനായി എസ് ബി ഐ കറുകച്ചാൽ ശാഖയിലെ 67109157395 നമ്പർ തനത് ഫണ്ട് അക്കൗണ്ട് ഇടപാടുകൾ ഒന്നും നടക്കുന്നില്ലാത്തതിനാൽ ക്ലോസ് ചെയ്യുന്നതിനുള്ള നിർദ്ദേശം നടപ്പാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി കാണുന്നു. മേൽ അക്കൗണ്ട് ക്ലോസ് ചെയ്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/15.09.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്ത് മേൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് - തെറ്റായ തുകകൾ ഉൾപ്പെട്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക ബി-17 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | തനത് ഫണ്ട് സഹകരണ ബാങ്ക് എന്ന് മാത്രം രേഖപ്പെടുത്തൽ | -785 |
| 2 | 799013000000524 എൽ ജി ടി എസ് ബി അക്കൗണ്ട് | -419,400 |

കൂടാതെ 450210104 ശീർഷകത്തിൽ 1 രൂപ നീക്കിയിരിപ്പായി ബി-17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/15.09.2023) ലഭ്യമാക്കിയ മറുപടിയിൽ 799013000000524 നമ്പർ എൽ ജി ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് നെഗറ്റീവാകാൻ കാരണം സർക്കാർ റിഡംപ്ഷൻ തുക കുറവ് ചെയ്തതിനാലാണെന്ന് അറിയിച്ചു. 450210102, 450210104 എന്നീ ശീർഷകങ്ങളിൽ ബാങ്ക് അക്കൗണ്ട് നിലവില്ലായെന്നും അപാകതകൾ ഐ കെ എമ്മിനെ അറിയിച്ചതായും തുടർനടപടികൾ സ്വീകരിച്ചിതായും അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ഐ സി ഡി എസ് സെൻട്രൽ ഷെയർ - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

2022-23 വാർഷികധനകാര്യപത്രിക B4 ഷെഡ്യൂൾ പ്രകാരം 1342983 രൂപ ഐസിഡിഎസ് സെൻട്രൽ ഷെയറായി 31.3.23 ൽ അവശേഷിക്കുന്നുണ്ട്. പ്രത്യേകോദ്ദേശ്യത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 26 അങ്കണവാടികളിൽ 5 എണ്ണം വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. ഈ തുക സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് സാധ്യമാണോയെന്ന് പരിശോധിച്ച് ഭരണസമിതി ഉചിതമായ തീരുമാനമെടുക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 തനത് വരുമാന സ്രോതസ്സുകൾ-അധിക വിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(V) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ

കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനമായ വസ്തു നികുതി പിരിവ്, ലൈസൻസ് പിരിവ് എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-33 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 2.6.23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1-1 ). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു ( 17-6-23- ലെ SC3-55/2023. കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 5 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 584 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1847വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

വാടകയിനത്തിലും 8 ലക്ഷത്തിലധികം കുടിശ്ശികയുണ്ട്. തൊഴിൽ നികുതി, ലൈസൻസ് ഇടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ

രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 നെത്തല്ലൂർ തോട് പുറമ്പോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടില്ല.

കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നെത്തല്ലൂർ ഭാഗത്ത് കറുകച്ചാൽ വില്ലേജിൽ ബ്ലോക്ക് 15 റീ സർവ്വേ 139 ൽപ്പെട്ട ഏകദേശം 17 ആർ 20 ച.മീ തോട് പുറമ്പോക്ക് സ്ഥലം ശോശ്ശാമ്മ ജോൺ, മഠത്തിൽപ്പറമ്പിൽ കൈയ്യടക്കി വച്ചിരിക്കുന്നതിനെതിരെ ബഹു ചങ്ങനാശ്ശേരി മുൻസിഫ് കോടതിയിൽ ഒ എസ് 315/98 എന്ന കേസ് നൽകിയിരുന്നു. ടി കേസിൽ ബഹു ജില്ലാകളക്ടർ ഒന്നാം എതിർ കക്ഷിയും പഞ്ചായത്ത് സെക്രട്ടറി രണ്ടാം എതിർ കക്ഷിയുമാണ്. ടി കേസിലെ വിധിക്കെതിരെ ശ്രീ ജോൺ ആൻഡ്രൂസ് മഠത്തിപ്പറമ്പിൽ കറുകച്ചാൽ, ബഹു.കോട്ടയം ജില്ലാ കോടതിയിലും തുടർന്ന് ബഹു.കേരള ഹൈക്കോടതിയിലും അപ്പീൽ നൽകിയിരുന്നു. എന്നാൽ ഈ അപ്പീലുകളെല്ലാം അതാത് കോടതികൾ തള്ളിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കോടതി വിധികൾ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന് സാധിക്കുമെന്ന് ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം ലഭിച്ചിട്ടുള്ളതാണ്. ബഹു .തഹസിൽദാറുടെ(ഭൂരേഖ) B3-1304/2023/02.08.23 പ്രകാരം ടി സ്ഥലം 17.08.2023 തിയതിയിൽ താലൂക്ക് സർവ്വേയർ അളന്ന് അതിർത്തി പുനർനിർണ്ണയം നടത്താൻ നിശ്ചയിച്ചിരുന്നതാണ്. ആയത് പ്രകാരം സർവ്വേ നടപടികൾ പൂർത്തിയാക്കി ടി പുറമ്പോക്ക് സ്ഥലം ഏറ്റെടുത്ത് പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22/18.09.23), ഉത്തരവ് പ്രകാരം സ്ഥലം അളന്ന് തിട്ടപ്പെടുത്തുവാൻ എത്തിയപ്പോൾ സ്റ്റേ ഓർഡർ ഉള്ളതിനാൽ അളക്കുവാൻ കഴിയില്ല എന്ന തഹസിൽദാർ അറിയിക്കുകയാണുണ്ടായത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി സാഹചര്യത്തിൽ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയതിന്റെ പ്രയോജനം നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വാട്ടർചാർജിനത്തിൽ മെയിന്റനൻസ്ഗ്രാന്റ്(നോൺ റോഡ്) വകയിരുത്തി 852768 രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും 426384 രൂപ ഉൾപ്പടെ തൻവർഷം ആകെ 1279152 രൂപ അടവാക്കിയിട്ടുണ്ട്. 221 പൊതുടാപ്പുകൾക്ക് പ്രതിവർഷം 5788.13 രൂപ എന്ന കണക്കിലാണ് വാട്ടർചാർജ് അടവാക്കിയിട്ടുള്ളത്. പ്രതിമാസം 106596 രൂപയാണ് ഗ്രാമപഞ്ചായത്ത് അടവാക്കുന്നത്. 8 മാസത്തെ വാട്ടർചാർജാണ് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തി അടവാക്കിയിട്ടുള്ളത്. മാർച്ച് 2023 മുതൽ വാട്ടർചാർജ് പുതുക്കി നിശ്ചയിച്ചതിനാൽ പ്രതിമാസം 268128 രൂപയാണ് വാട്ടർചാർജിനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും പൊതുടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയും, പഞ്ചായത്തും സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ ടാപ്പുകൾ വേണ്ടെന്നു വയ്ക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി 62 ടാപ്പുകൾ ഉപയോഗപ്രദമല്ലെന്ന് സംയുക്ത പരിശോധനയിൽ കണ്ടെത്തിയിരുന്നു. ഉപയോഗപ്രദമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 1.39 ലക്ഷം രൂപ ലേബർചാർജിനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കണമെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ (3.8.23ലെAB1-15166/2023)

ഗ്രാമപഞ്ചായത്ത് തുക അടവാക്കിയിട്ടുണ്ട്. 62 ടാപ്പുകളുടെ കണക്ഷൻ എത്രയും പെട്ടെന്ന് വിച്ഛേദിച്ച് വാട്ടർ ചാർജിനത്തിൽ അധിക തുക അടവാക്കുന്നത് ഒഴിവാക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

1-26 തെരുവുവിളക്ക് മെയിന്റനൻസ് ആവശ്യമായ സാധനങ്ങൾ വാങ്ങൽ -ജി.എസ്.ടി ഈടാക്കിയിട്ടില്ല

തെരുവുവിളക്ക് മെയിന്റനൻസ് ആവശ്യമായ സാധനങ്ങൾ വാങ്ങൽ എന്ന സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് (95/23)പ്രകാരം ഇ-ടെണ്ടർ മുഖാന്തിരം വിനോദ്.ടി.കെ, തടത്തിൽ എന്നയാളിൽ നിന്ന് ബിൽ നം.21/22-23 Dt.7.11.22 300000, വൗച്ചർ നം. 222000658/13.11.22 7310 പ്രകാരം 307310/രൂപ 300000 രൂപ വികസനഫണ്ടും, 7310രൂപ തനത് ഫണ്ടും ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്(ചെക്ക്.22827770/14.11.22).

CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 നമ്പർ സർക്കുലർ പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലിൽ നിന്നും 2% ജി.എസ്.റ്റി. ഉറവിടത്തിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ മൂല്യം വരുന്ന ടി ബില്ലിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാതെ മുഴുവൻ തുകയും ശ്രീ വിനോദ്.ടി.കെയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 8/15.9.23)മറുപടിയായി കോൺട്രാക്ടറിൽ നിന്നും തുക ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ജി.എസ്.ടി തുക ടിയാൻ അടവാക്കുന്ന മുറയ്ക്ക് സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

1-27 നിക്ഷേപപ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2022-23 വർഷം വിവിധ നിക്ഷേപപ്രവൃത്തികൾക്കായി ഭൂജല വകുപ്പ്, കെ.എസ്.ഇ.ബി എന്നീ നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | നിക്ഷപിച്ച തുക | ബിൽ നം./തീയതി | നിർവ്വഹണ ഏജൻസി | ഫണ്ടിനം |
|---|---|---|---|---|
| വെള്ളമാക്കൽ പ്രദേശത്ത് കുഴൽ കിണർ നിർമ്മാണം SO 259/23 | 175000 | 297/9.3.23 | ഭൂജലവകുപ്പ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചിറയ്ക്കൽ-നെടുമറ്റം റോഡ് കുഴൽ കിണർ നിർമ്മാണം SO260/23 | 175000 | 298/9.3.23 | “ | “ |
| കാവുംന്നട മാഞ്ഞുരുത്തി കുഴൽ കിണർനിർമ്മാണം S0012/23 | 100000<br>63000 | 145/26.12.22<br>144/26.12.22 | | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>വികസനഫണ്ട് (ജനറൽ) |
| കൃഷി ഓഫീസ് പരിസരത്ത് കുഴൽകിണർ നിർമിച്ച് മോട്ടോർ സ്ഥാപിക്കൽ S0010/23 | 200000 | 121/6.12.22 | “ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | | | |
|---|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ SO257/23 | 50740<br>769932<br>718873<br>35400 | 265/22.2.23<br>269/23.2.23<br>270/23.2.23<br>333/16.3.23 | " | വികസന ഫണ്ട് |
| കുന്നപ്പള്ളി കുടിവെള്ള പദ്ധതി റോഡ് കട്ടിംഗ് പി.ഡബ്ല്യൂ.ഡി.ഓഫീസിലേയ്ക്ക് തുക അടവാക്കൽ SO235/23 | 53652 | 425/31.3.23 | പി.ഡബ്ല്യൂ.ഡി (റോഡ്സ്) | വികസന ഫണ്ട് |
| ആകെ | 2341597 | | | |

നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച 2341597രൂപ വിനിയോഗിച്ച് നിർദ്ദിഷ്ട പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതി നം. | 149/2023 |
| പദ്ധതി | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 12,00,000/- |
| ചെലവ് | 6,00,000/-<br>[വികസന ഫണ്ട് - ജനറൽ] |
| ബിൽ നം./തീയതി | 288/2022-23/03.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, 6,00,000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് [ട്രഷറി അകൗണ്ട് നം. 708011400000050] ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ, ഡവലപ്മെന്റ് ഫണ്ട് - ജനറൽ ഫണ്ടിനത്തിൽ നടത്തിയിട്ടുള്ള 6,00,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-29 ഗവ.ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി, മാടപ്പള്ളി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 02/2023 നം. പദ്ധതി പ്രകാരം, ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 1,50,000/- രൂപ മെയിന്റനൻസ് [റോഡിതരം] ഫണ്ടിൽ വകയിരുത്തുകയും, 140/17.12.2022 നം. ബിൽ പ്രകാരം 1,50,000/- രൂപ, The Kerala State Homeopathic Co-operative Pharmacy Ltd - ന്റെ 34306403911 [SBI] നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മുഴുവൻ തുകയ്ക്കുള്ള മരുന്നുകളുടെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ലാത്തതും, സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായും പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം | ലഭ്യമായ ഇൻവോയ്സ് പ്രകാരം, ലഭിച്ച | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|

| | (തുക) | മരുന്നുകളുടെ വിവരം (തുക) ഇൻവോയ്സ് നം./ തീയതി/ തുക | (തുക) | |
|---|---|---|---|---|
| ഗവ.ഹോമിയോ ഡിസ്പൻസറി, മാടപ്പള്ളി | 1,50,000/- | LF-848/04.08.2023 : 14,120/- | 1,35,880/- | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പൻസറി, മാടപ്പള്ളി |
| ആകെ | 1,50,000/- | 14,120/- | 1,35,880/- | |

മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ, ലഭിക്കാനുള്ള മരുന്നുകളുടെ വിലയിനത്തിൽ നൽകിയ 1,35,880/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട ഇൻവോയ്സുകൾ ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 വീട് വാസയോഗ്യമാക്കൽ- പണി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (നം.133/23) എന്ന പദ്ധതി പ്രകാരം 25000 രൂപ (ബിൽ നം.(11/17.12.22)ശാന്തമ്മ സുരേഷ്, ആലപ്പള്ളിൽ, ചമ്പക്കര എന്നയാൾക്ക് അഡ്വാൻസ് നല്കിയിട്ടുണ്ട്. എന്നാൽ ടിയാൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാത്തതിനാൽ അഡ്വാൻസ് നല്കിയ 25000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. വീടിന്റെ മെയിന്റനൻസ് പൂർത്തിയാക്കുന്നതിന് അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 10,242/- രൂപയുടെ ക്രെഡിറ്റ് വിശദാംശങ്ങൾ ലഭ്യമായില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം, കറുകച്ചാൽ സി. എച്ച്. സി - യിലേയ്ക്ക് വിവിധ ഉപകരണങ്ങളും റീയേജൻസും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 273/2023 |
| പ്രോജക്റ്റ് | കറുകച്ചാൽ സി. എച്ച്. സി - യിലേയ്ക്ക് ഉപകരണങ്ങളും റീയേജൻസും വാങ്ങൽ - രണ്ടാം ഘട്ടം |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ്<br>അടങ്കൽ : 73,036/-<br>ചെലവ് : 73,036/- |
| വൗച്ചർ നം. | 51401161/22201177/31.03.2023 : 62,794/-<br>51401148/22201175/31.03.2023 : 10,242/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ [CHC], കറുകച്ചാൽ |

ഗ്ലോബൽ ബയോ സിസ്റ്റംസ് - ടാക്സ് ഇൻവോയ്സ് നം. GBS/C291/22-23/18.03.2023 പ്രകാരം 62,794/- രൂപയുടേയും, ആർട്ട്കോ ലിമിറ്റഡ്- ടാക്സ് ഇൻവോയ്സ് നം. ALP/695/15.03.2023 പ്രകാരം 10,242/- രൂപയുടെയും ഇൻവോയ്സുകളാണ് ലഭ്യമായിട്ടുള്ളത്. 73,036/- രൂപയുടെ ചെലവ്, സുലേഖ പത്രിക, സ്ഥാപനത്തിലെ ബിൽ രജിസ്റ്റർ എന്നിവ പ്രകാരം പ്രതിഫലിച്ചിട്ടുണ്ടെങ്കിലും, 10,242/- രൂപ ആർട്ട്കോ

ലിമിറ്റഡിന് ക്രെഡിറ്റായിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. അപാകതയിൽ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/16.09.2023), 10,242/- രൂപയുടെ ബിൽ 2023 മാർച്ച് മാസത്തിൽ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ PFMS സോഫ്റ്റ്‌വെയറിലെ തകരാറുമൂലം നാളിതുവരെ ബിൽ പാസ്സാക്കുവാൻ സാധിച്ചിട്ടില്ലായെന്നുമുള്ള മറുപടി നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കക്ഷിയുടെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റായതായി വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ, ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിനത്തിലുള്ള 10,242/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 10,242/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ ആർട്ട്കോ ലിമിറ്റഡിൽ നിന്നുമുള്ള റസീപ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/UTR റഫറൻസ് ഉൾപ്പെടെ വിവരം ലഭ്യമാക്കേണ്ടതും, തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ലാപ് ടോപ് വാങ്ങൽ -ജി.എസ്.ടി ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ 50/23 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ എന്ന പദ്ധതി ജെം പോർട്ടൽ മുഖാന്തിരം നടപ്പിലാക്കി. ഇതു പ്രകാരം ADCOM SYSTEMS എന്ന സ്ഥാപനത്തിനാണ് ലാപ് ടോപ് വിതരണത്തിനായി ക്വട്ടേഷൻ ലഭിച്ചത്. ബിൽ നമ്പർ 03/22-23/28.08.22 പ്രകാരം 790000 രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലിൽ നിന്നും 2% ജി.എസ്.റ്റി. ഉറവിടത്തിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രണ്ടര ലക്ഷത്തിന് മുകളിൽ മൂല്യം വരുന്ന ടി ബില്ലിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാതെ മുഴുവൻ തുകയും ADCOM SYSTEMS എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 9/15.09.23)നൽകിയിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. ജി.എസ്.ടി ഇനത്തിലുള്ള തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 ആശ്രയ വിഹിതം-പൂർത്തീകരണ വിവരം ഇല്ല.

ആശ്രയ പദ്ധതി പ്രകാരം രണ്ടു ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. മറിയാമ്മ ജോൺ എന്ന ഗുണഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/23 |
| അടങ്കൽ | 100000(വികസന ഫണ്ട്) |
| ചെലവ് | 100000 (ബിൽ നമ്പർ 4/22-/20.10.23) |

ആശ്രയ പദ്ധതിയിലുൾപ്പെട്ട ശ്രീമതി മറിയാമ്മ ജോൺ, പൊന്നമ്മ കുഞ്ഞൂഞ്ഞ് എന്നീ ഗുണഭോക്താക്കൾക്കാണ് ഭവന പുനരുദ്ധാരണം നടത്തുന്നതിന് 50000 രൂപ വീതം മുൻകൂറായി നൽകിയത്. നിലവിൽ ഭവന പുനരുദ്ധാരണം ഏതു ഘട്ടമെത്തി എന്നതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/15.09.23)ക്ക് പൊന്നമ്മ കുഞ്ഞൂഞ്ഞ് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട് എന്നും മറിയാമ്മ ജോൺ മുൻകൂർ നൽകിയ 50000 രൂപ ഉപയോഗിച്ച് മെയിന്റനൻസ് പണികൾ നടത്തിയിട്ടുണ്ട് എന്നും ടിയാൻ പദ്ധതി നടത്തിയ കാലയളവിൽ മരണപ്പെട്ടു പോയെന്നും പ്രവർത്തന റിപ്പോർട്ടും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ശ്രീമതി മറിയാമ്മ ജോൺ

ഭവന പുനരുദ്ധാരണം നടത്തിയതു സംബന്ധിച്ച യാതൊരു വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഭവന പുനരുദ്ധാരണം സംബന്ധിച്ച് ശ്രീമതി മറിയാമ്മ ജോൺ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടും മുൻകൂർ നൽകിയ തുകയിൽ ടിയാൻ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ മൂല്യനിർണ്ണയ സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-34 ഇ-ടെണ്ടർഫാറവില തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ക്രെഡിറ്റ് ചെയ്യുന്നതിന് SBI കറുകച്ചാൽ ബ്രാഞ്ചിൽ (നം.00000041720083370) ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ 2022-23ൽ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർ ഫാറവിലയായ 55535 രൂപ ടി വർഷം ക്രെഡിറ്റ് ചെയ്തിരുന്നു. മുൻ വർഷത്തെ തുകയുൾപ്പെടെ 188210 രൂപ ടി അക്കൗണ്ടിൽ ബാലൻസുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്.

## 1-35 ജലജീവൻമിഷൻ പദ്ധതി -നടപടി പുരോഗതി ലഭ്യമാക്കേണ്ടതാണ്

നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി ആസൂത്രണം ചെയ്തിരിക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചങ്ങനാശേരി താലൂക്കിൽ നെടുംകുന്നം ഗ്രാമ പഞ്ചായത്തിൽ 100 സെന്റ് സ്ഥലം കേരള വാട്ടർ അതോറിറ്റിയ്ക്ക് വേണ്ടി മൂന്നു പഞ്ചായത്തുകളും സംയുക്തമായി വിലകൊടുത്ത് ഏറ്റെടുത്ത് നൽകണമെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.12.21ലെ പിഡികെ/*എബി2*/532 /2013കത്തിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 45 ലക്ഷം രൂപ ചെലവഴിച്ച് 12 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലശുദ്ധീകരണ ശാല നിർമ്മിക്കാൻ സ്ഥലം വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ(750000(ചെക്ക്നം. 732048/13.3.23)+750000(ചെക്ക് നം.732049/13.3.23) സ്ഥലം വാങ്ങുന്നതിനായി നെടുംകുന്നം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

കറുകച്ചാൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് ജലം എത്തിക്കുന്നതിനായി 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയ്ക്കായി 15 സെന്റ് സ്ഥലം നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ മനക്കരകുന്നിൽ 1280701 രൂപയ്ക്ക്(580701(ചെക്ക് നം. 2282795/9.3.23)+700000(ചെക്ക് നം.2282796/9.3.23)തനത് ഫണ്ട് വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. നിലവിൽ ടി സ്ഥലങ്ങൾ വാട്ടർ അതോറിറ്റിയ്ക്ക് വിട്ടു നൽകിയിട്ടുണ്ടോയെന്നും, വാട്ടർ അതോറിറ്റി ടി സ്ഥലങ്ങളിൽ ജലശുദ്ധീകരണ ശാലയുടെയും, വാട്ടർടാങ്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/18.9.23) മറുപടിയായി ജലശുദ്ധീകരണശാലയുടെയും, വാട്ടർടാങ്കിന്റെയും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 ലൈഫ് പദ്ധതി വായ്പ ചെലവഴിക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നു

ലൈഫ് പദ്ധതി വായ്പ തുക SBI, കറുകച്ചാൽ ബ്രാഞ്ച് 40897168500 നം. അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. 23-24 വർഷം എടുത്ത വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു.

| വായ്പ എടുത്ത തീയതി | തുക |
|---|---|
| 16.6.23 | 9.6 ലക്ഷം |
| 1.8.23 | 13 ലക്ഷം |
| 7.8.23 | 3.6ലക്ഷം |
| 11.823 | 1 |

| | |
|---|---|
| ആകെ | 27.2 ലക്ഷം |

എടുത്ത ലോൺ തുകയിൽ 11.2 ലക്ഷം രൂപ 11.8.23ൽ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ചെലവ് വരുന്നതിന് അനുസൃതമായല്ലാതെ സർക്കാർ പലിശ നൽകുന്ന വായ്പ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/16.9.23)6 പേർക്ക് രണ്ടാം ഗഡു നല്കുന്നതിനായി 960000 രൂപ ലോണിന് അപേക്ഷിച്ചത് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ വീടിന്റെ പണികൾ മുടങ്ങിപ്പോകുമെന്ന സാഹചര്യം വന്നതിനാൽ വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഉപയോഗിച്ച് 960000 രൂപ ഗുണഭോക്താക്കൾക്ക് നല്കി എന്നു അറിയിച്ചു. തുടർന്ന് ലോൺ തുക ക്യാൻസൽ ചെയ്യുന്നതിന് അപേക്ഷിച്ചെങ്കിലും 16.6.23 ൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ 960000 രൂപ ക്രെഡിറ്റ് ചെയ്യുകയും ടി തുകയിൽ നിന്നും 4 ലക്ഷം രൂപ ടി ഗുണഭോക്താക്കളുടെ അടുത്ത ഗഡു നല്കുന്നതിന് വിനിയോഗിക്കുകയും ചെയ്തു. ബാക്കി നില്ക്കുന്ന 560000 രൂപയിൽ 270000 രൂപ കൂടി ടി ഗുണഭോക്താക്കൾക്ക് നല്കാൻ കഴിയുമെന്നും അവശേഷിക്കുന്ന 290000 രൂപ ലൈഫ് മിഷനിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് വിനിയോഗിക്കുന്നതാണെന്നും അറിയിച്ചു. 8/23 ൽ ക്രെഡിറ്റ് ചെയ്ത 460000 രൂപ ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് നല്കുന്നതാണെന്നും അറിയിച്ചു.

കൂടാതെ 31.3.23 ൽ അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്ന ഒരു ലക്ഷം രൂപ ശ്യാമള പുളിക്കപ്പൊയ്കയിൽ എന്ന ഗുണഭോക്താവിനു നല്കേണ്ടതിനു പകരം തെറ്റായി ശ്യാമള .എ.എസ്., തോട്ടുവായ്ക്കൽ എന്ന ഗുണഭോക്താവിനു നല്കുകയും തെറ്റ് മനസ്സിലാക്കിയതിനു ശേഷം ടി തുക ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്

സമയബന്ധിതമായ ചെലവ് ആവശ്യകതയില്ലാതെ ലൈഫ് ലോൺ തുക ബാങ്കിൽ ദീർഘകാലം സൂക്ഷിക്കുന്നത് സർക്കാരിന് പലിശ ബാധ്യത വരുത്തുന്ന സാഹചര്യമുണ്ടാക്കുന്നു. ആയതിനാൽ ലോൺ തുകയിൽ ചെലവഴിക്കാനാവാതെ അവശേഷിക്കുന്ന 290000 രൂപ ലൈഫ് മിഷനിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ

അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2022-23 | 260000 | ലൈഫ് ഭവന പദ്ധതി എസ് സി (85/23) | 260000 | 0 |
| | | 1000000 | ലൈഫ് ഭവന പദ്ധതി ജനറൽ (84/23) | 1000000 | |
| | | 100000 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം(4/23) | 100000 | 0 |
| | | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(13/23) | 225000 | 0 |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (167/23) | 250000 | 0 |
| ആകെ | | 1835000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1835000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2022-23 | 1040000 | ലൈഫ് ഭവന പദ്ധതി എസ് സി (85/23) | 1040000 | 0 |
| | | 1400000 | ലൈഫ് ഭവന പദ്ധതി ജനറൽ(84/23) | 1400000 | 0 |
| | | 117600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (13/23) | 117600 | 0 |
| | | 160129 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം(4/23) | 160129 | 0 |
| | | 180389 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (167/23) | 180389 | 0 |
| ആകെ | | 2898118 | ജില്ലാ പഞ്ചായത്ത് വിഹിതം | 2898118 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വെള്ളമാക്കൽ പ്രദേശത്ത് കുഴൽക്കിണർ നിർമ്മാണം | 259/23 | 175000 | 0 | 175000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചിറയ്ക്കൽ നെട്ടമറ്റം റോഡ് കുഴൽക്കിണർ നിർമ്മാണം | 260/23 | 175000 | 0 | 175000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കൃഷി ഓഫീസ് ഭാഗത്ത് കുഴൽക്കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ | 10/23 | 200000 | 0 | 200000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കാവുംന്നട മാത്തുരുത്തി കുഴൽക്കിണർ നിർമ്മാണം | 12/23 | 163000 | 0 | 163000 |
| ആകെ | | | 713000 | | 713000 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 257/23 | 1574945 | 0 | 1574945 |
| പൊതുമരാമത്ത് വകുപ്പ് | കുന്നപ്പള്ളി കുടിവെള്ളപദ്ധതി റോഡ് - കട്ടിംഗ് പി ഡബ്ല്യുഡി ഓഫീസിലേയ്ക്ക് തുക അടവാക്കൽ വാർഡ് 1 | 235/23 | 53652 | 0 | 53652 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC LOAN ലൈഫ് | ജിഒ(എംഎസ്) 68/2018 തസ്വഭവ തീ18-5-2018 | 7974941 | 820000 | 8794941 | 1711638 | - | 7083303 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭവന പദ്ധതി | | | | | | | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് തൻവർഷം സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 69300/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് |
|---|---|---|---|
| 2020-21 | 1-15 | 69300 | ബിജു തോമസ് |
| ആകെ | | 69300 | |

ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ട ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാന്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1997-98 | 12(A,B) | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ” |
| 2014-15 | 2-3-1 , 2-3-2 | 2016-17 | (അനുബന്ധം-3) | വസ്തു നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-4-1 , 2-4-2,2-4-3 | 2016-17 | (അനുബന്ധം-4) | തൊഴിൽ നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| 2015-16 | 2-3,2-4,2-5, 2-6,2-7 | 2016-17 | (അനുബന്ധം-5) | തൊഴിൽ നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| 2019-20 | 1-14-2 | 2021-22 | (അനുബന്ധം-1) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| 2020-21 | 1-11-1 | 2021-22 | (അനുബന്ധം-1) | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് | നിയമസഭാ സമതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ ഈടാക്കിയ തുകകളുടെ വിവരം

2022-23 സാമ്പത്തികവർഷം ചാർജ്/സർചാർജ് നടപടികളുടെ തുകകളൊന്നും ഈടാക്കിയില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : 67023091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : 34684733 |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 111152883 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 109612778 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3087719 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 2341597 | ശ്രീമതി ബീമ എം ,സെക്രട്ടറി |
| 1-28 | 6,00,000 | ഡോ സുജ എം ചാക്കോ,വെറ്ററിനറി സർജ്ജൻ |
| 1-29 | 1,35,880 | ഡോ.സിമിലിയ എസ് |

| | | |
|---|---|---|
| | | നായർ,മെഡിക്കൽഓഫീസർ (ഹോമിയോ) |
| 1-31 | 10,242 | ഡോ.ബെറ്റ്സി ജേക്കബ്,മെഡിക്കൽഓഫീസർ(സി എച്ച് സി) |
| ആകെ | 3087719 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെഎസ്എ.കെടിഎം.പി5/56/2019(2) 03.09.19 | 1 |
| 2000-01 | കെഎസ്എ.കെടിഎം.പി5/56/2019(3) 03.09.19 | 1 |
| 2002-03 (ചെലവ്) | കെഎസ്എ.കെടിഎം.പി5/1480/2016(5)/ 04.12.17 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(3)/22, 27.08.2022 | 2 |
| 2012-13 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(5)/22, 27.08.2022 | 1 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(7)/22, 27.08.2022 | 2 |
| 2015-16 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(9)/22, 27.08.2022 | 6 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/156 /22/02.02.22 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(10)/22, 27.08.2022 | 7 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/170/2022 ,07-04-22 | 13 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/2024/2022 ,26-10-22 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/793/2022 ,22-07-22 | 25 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി5/1403/2023 ,12-07-2023 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karukachal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karukachal Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Karukachal Grama Panchayat for the Year 2022-2023.

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

2.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

3.Negative closing balance of bank accounts in balance sheet which is explained as software error& due to redemption amount not corrected till date.

4. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available.

**2.Other Observations**

1.Central Finace Commission Grant closing balance in ACR differs from liability as per B-4 schedule.

2.Capital Work in Progress Details and adjustment details not maintained

3.Notes on accounts regarding Prior Period Income/Expenditure not icluded in AFS.

4 . Block share for joint venture project amounted Rs.1102075/- accounted as liability in 3020700204 in B-4 schedule is incorrect. There is no balance in treasury account.

5.The accuracy of amount accounted in B4 schedule under the head 320300199 is not clear.

6. Ratios on various financial performance as prescribed in accounting rules are not certified and submitted as notes on account by the secretary for audit

7. ICDS Grant balance as per AFS does not math with ACR and bank account.

Deputy Director

District Office Kottayam

Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്